ഉത്തരം

(എ) 6,45,013.

(ബി) 1998-99 വർഷം അടിസ്ഥാനമാക്കിയാണ്.

(സി&ഡി) കാർഷിക വ്യാവസായിക തൊഴിലാളികളുടെ വേരിയബിൾ ക്ഷാമബത്ത നിർണ്ണയിക്കുന്നതിന് 2011-12 അടിസ്ഥാന വർഷമായി സ്വീകരിച്ചു കൊണ്ട് ഉപഭോക്തൃവില സൂചിക തയ്യാറാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് കുടുംബ ബഡ്ജറ്റ് സർവ്വേ നടത്തി റിപ്പോർട്ട് നൽകുന്നതിന് സ്ഥിതിവിവരക്കണക്ക് വകുപ്പിനെ ചുമതലപ്പെടുത്തുകയും വകുപ്പ് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ പുതുക്കിയ നിരക്കിലുള്ള ക്ഷാമബത്ത നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പെരുമ്പാവൂരിൽ പുതിയ ഇ.എസ്.ഐ. ആശുപത്രി

204 (6909) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാർ പെരുമ്പാവൂരിൽ പുതിയ ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കാൻ അനുവാദം നൽകിയിട്ടുണ്ടോ ; എത്ര തുകയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത് ; ആശുപത്രിക്കുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ;

(ബി) ആശുപത്രി ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) പെരുമ്പാവൂരിൽ 100 കിടക്കകളുള്ള ആശുപത്രി ആരംഭിക്കാൻ ഇ.എസ്.ഐ. കോർപ്പറേഷൻ അനുവാദം നൽകിയിട്ടുണ്ട്. ഇതിനായി തുക അനുവദിച്ചിട്ടുള്ളതായി സർക്കാരിന് അറിയിപ്പ് ലഭിച്ചിട്ടില്ല. പ്രവർത്തനം നിലച്ച ട്രാവൻകൂർ റയോൺസ് സ്ഥിതി ചെയ്യുന്നിടത്തുനിന്ന് 5 ഏക്കർ സ്ഥലം വിട്ടുനൽകാൻ ആവശ്യപ്പെട്ട് വ്യവസായ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്.

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

205 (†6910) ശ്രീ. സി. ദിവാകരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ എത്ര പേർ അംഗങ്ങളായിട്ടുണ്ട് ; ജില്ല തിരിച്ച കണക്ക് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഈ പദ്ധതിയിൻകീഴിൽ എത്ര പേർക്ക് ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

† മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2013-14 ആനുകൂല്യ വർഷത്തിൽ 5.55 ലക്ഷം വ്യക്തികൾക്ക് 198.14 കോടി രൂപയുടെ ചികിത്സ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കായുള്ള കേന്ദ്ര സഹായം

206 (6911) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കായി 2012-13 വർഷത്തിൽ കേന്ദ്രത്തിൽനിന്ന് തൊഴിൽ വകുപ്പിന് എത്ര രൂപയുടെ കേന്ദ്രസഹായം ലഭ്യമായി ; എത്ര തുക ചെലവഴിച്ചു ; എന്തിനെല്ലാം ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കായി 2013-14 വർഷത്തിൽ കേന്ദ്രം എത്ര തുക അനുവദിച്ചു ; സംസ്ഥാനം വിഹിതമായി എത്ര തുക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കാമോ ;

(സി) 2012-13, 2013-14 വർഷത്തിൽ എത്ര പേർ അംഗങ്ങളായി ; എത്ര തൊഴിലാളികൾക്ക് ആനുകൂല്യം ലഭ്യമായി ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2012-13 വർഷത്തിൽ കേന്ദ്ര വിഹിതമായി

ലഭിച്ച തുക	:	128,80,56,875 രൂപ
ചെലവഴിച്ച തുക	:	128,80,56,875 "
ചെലവഴിച്ച വിഭാഗം	:	ഇൻഷുറൻസ് കമ്പനിക്ക് പ്രീമിയം നൽകുന്നതിനു വേണ്ടി.

(ബി) 2013-14 വർഷത്തിൽ കേന്ദ്ര വിഹിതമായി

ലഭിച്ച തുക	:	105,25,29,996 രൂപ
സംസ്ഥാന വിഹിതമായി നൽകിയ തുക:		105,38,15,013 രൂപ
ആർ.എസ്.ബി.വൈ. പ്രീമിയം	:	31,38,15,013 "
റിസ് പ്രീമിയം	:	74,00,00,000 "

(സി)

നമ്പർ	വർഷം	അംഗങ്ങളായ കുടുംബങ്ങൾ	ആനുകൂല്യം ലഭിച്ച വ്യക്തികൾ
1	2012-13	28,27,745	5,98,956
2	2013-14	29,53,818	5,55,145

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly